LIBRARY ARCHIVES Kerala Legislative Assembly

ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം

138 (3885) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജക മണ്ഡലത്തിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്യുവെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ;

(സി) എങ്കിൽ എന്ന് വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ :

(ഡി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ദേവികുളം താലൂക്കിൽ 240 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി - ഡി) 22-8-2015-ൽ ഇടുക്കി ജില്ലയിൽ മെഗാ പട്ടയമേള നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പട്ടയമേളയിൽ വിവിധ തരത്തിലുള്ള 25000 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം സമീപകാലത്തു തന്നെ ഇടുക്കിയെ ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിക്കുവാൻ കഴിയുമെന്ന് കണക്കാക്കുന്നു.

ഭൂനികുതി അടയ്ക്കുന്നതിനുള്ള തടസ്സം

139 (3886) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കാവിലുംപാറ വില്ലേജിലെ ഏതെല്ലാം ഉടമകളുടെ ഭൂമിയിൽ നിന്നാണ് ഭൂനികുതി സ്വീകരിക്കാത്തത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം ഭൂനികുതി സ്വീകരിക്കാത്തതിന്റെ കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഭൂവുടമകൾ ഓരോരുത്തരും എത്ര ഭൂമി വീതം കൈവശം വയ്ക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാവിലുംപാറ വില്ലേജിലെ പരിസ്ഥിതി ദുർബ്ബല വിഭാഗത്തിൽപ്പെട്ട ഭൂമികളുടെ ഭൂഉടമകളിൽനിന്നാണ് ഭൂനികുതി സ്വീകരിക്കാത്തത്.